**"CORRUPTION, A CRIME AGAINST NATION"**

**വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ**
**തിരുവനന്തപുരം 695033**
E-mail:vig.vacb@kerala.gov.in
**ഫോൺ നം. 0471-2305393**
**തീയതി 23.05.2024**

**"കൈക്കൂലികേസ് വില്ലേജ് ഫീൽഡ് അസിസ്റ്റന്റിന് കഠിനതടവും പിഴയും."**

കോട്ടയം ജില്ലയിലെ മൂന്നിലവ് വില്ലേജ് ഫീൽഡ് അസിസ്റ്റന്റായിരുന്ന റെജി.റ്റി-യെ കൈക്കൂലി വാങ്ങവേ കൈയ്യോടെ പിടികൂടിയ കേസ്സിൽ കോട്ടയം വിജിലൻസ് കോടതി മൂന്ന് വർഷം കഠിനതടവിനും 50000/- രൂപ പിഴ വീതം ഒടുക്കുന്നതിനും ശിക്ഷിച്ചു.

വസ്തു പോക്ക് വരവ് ചെയ്യുന്നതിന് അപേക്ഷകയുടെ കൈയ്യിൽ നിന്നും 50000/- രൂപ കൈക്കൂലി വാങ്ങവേയാണ് 2020 ആഗസ്റ്റ് മാസം 17-ാം തീയതി മൂന്നിലവ് വില്ലേജ് ഓഫീസിലെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റായിരുന്ന റെജി.റ്റി-യെ വിജിലൻസ് കോട്ടയം യൂണിറ്റ് ഡി.വൈ.എസ്.പി ആയിരുന്ന ശ്രീ. വി.ജി രവീന്ദ്രനാഥ് കൈയ്യോടെ പിടികൂടിയത്. പോലീസ് ഇൻസ്പെക്ടർമാരായിരുന്ന ശ്രീ. റിജോ.പി.ജോസഫ്, കെ.എൻ.രാജേഷ്, ശ്രീ. രതീന്ദ്രകുമാർ എന്നിവർ അന്വേഷണം നടത്തി ഡി.വൈ.എസ്.പി.ശ്രീ. വിദ്യാധരൻ കുറ്റപത്രം സമർപ്പിച്ച കേസ്സിലാണ് പ്രതികൾക്ക് കോട്ടയം വിജിലൻസ് കോടതി ഇന്ന് (23.05.2024) മൂന്ന് വർഷം കഠിനതടവിനും 50000/- രൂപ പിഴ ഒടുക്കുന്നതിനും ശിക്ഷിച്ചത്.

പ്രോസിക്യൂഷനുവേണ്ടി വിജിലൻസ് പബ്ലിക് പ്രോസിക്യൂട്ടർ ശ്രീ. ശ്രീകാന്ത്.കെ.കെ ഹാജരായി.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. ടി. കെ . വിനോദ് കുമാർ. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.